കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

A4/128/2024-SEC 17-07-2025

# പുനർ ലേലപരസ്യം

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വക ഉപയോഗ്യമായ KL-01AY 8493 Hero Honda-Splendour ഇരുചക്രവാഹനം (2010 മോഡൽ) 22.07.2025 തീയതി 03.00 പി.എം ന് കമ്മീഷൻ ഓഫീസിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നിശ്ചിത സമയത്ത് നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി 250/- രൂപ ലേലം തുടങ്ങുന്നതിന് അര മണിക്കൂർ മുമ്പായി കെട്ടിവെക്കേണ്ടതുമാണ്.

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ ടി നിരതദ്രവ്യം തിരിച്ച് നൽകുന്നതായിരിക്കും. കൂടുതൽ തുകക്ക് ലേലം ഉറപ്പിച്ച വ്യക്തിയുടെ പേരിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ തീരുമാനത്തിന് വിധേയമായി ലേലം സ്ഥിരപ്പെടുത്തി നൽകുന്നതായിരിക്കും. ലേലം സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി നിരതദ്രവ്യം ഒഴികെയുള്ള ലേലത്തുക മുഴുവനായും കൂടാതെ മുഴുവൻ തുകയുടെ 18% സർക്കാർ നിശ്ചയിച്ചിട്ടുള്ള ചരക്ക് സേവന നികുതിയും ലേല തീയതിയുടെ തൊട്ടുത്ത പ്രവർത്തി ദിവസം ഉച്ചക്ക് 02.00 മണിക്ക് മുമ്പായി ട്രഷറിയിൽ നിശ്ചിത ഹെഡ്ഡിൽ ഒടുക്കി അസ്സൽ രസീത് ഹാജരാക്കി ലേലവസ്തു കൈപ്പറ്റേണ്ടതാണ്. ലേലം മാറ്റിവെക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള അധികാരം കമ്മീഷനിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾ അറിയുന്നതിനും വാഹനം പരിശോധിക്കുന്നതിനും ലേലതീയതിയുടെ തലേ ദിവസം വരെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

Signed by
Prakash B S
Date: 17-07-2025 12:35:19

---

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033.
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in